(ബി) എങ്കിൽ എന്നാണ് നിവേദനം നൽകിയത്;

(സി) അതിൻമേൽ എന്തു തീരുമാനമെടുത്തു;

(ഡി) നൂറനാട് ലെപ്രസി സാനിട്ടോറിയത്തിൽ ഈ അവകാശം അവിടത്തെ രോഗികളുടെ സഹകരണ സംഘത്തിനു നൽകിയിരിക്കുന്നതു പോലെ അതേ വ്യവസ്ഥകളിൻമേൽ കൊരട്ടിയിലെ കാര്യത്തിലും തീരുമാനമെടുത്ത് ഉത്തരവുണ്ടാകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 20.7.1978.ൽ.

(സി) ഇതുവരെ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ഡി) ഇക്കാര്യം ഗവൺമെൻറ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

കുഷ്ഠരോഗാശുപത്രികൾ

549 [804] ശ്രീ. ടി.കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കുഷ്ഠരോഗാശുപത്രികളുണ്ട്; എവിടെയെല്ലാം;

(ബി) ഇതിൽ ഗവൺമെൻറ് വക എത്ര; പ്രൈവറ്റ് എത്ര;

(സി) ഗവൺമെൻറ് വക കുഷ്ഠരോഗാശുപത്രികളിൽ ഓരോന്നിലും എത്ര രോഗികളെ വീതം ഇപ്പോൾ പാർപ്പിച്ചിട്ടുണ്ട്;

(ഡി) ഗവൺമെൻറ് കുഷ്ഠരോഗാശുപത്രികളിൽ ആവശ്യത്തിനു മരുന്നും പാർപ്പിട സൗകര്യങ്ങളും മറ്റുമില്ലെന്ന പരാതി രോഗികളിൽനിന്നും ഉണ്ടായിട്ടുണ്ടോ;

(ഇ) കൊരട്ടി ആശുപത്രിയിലെ വാർഡുകൾ വളരെ മോശപ്പെട്ട സ്ഥിതിയിലാണെന്നും സ്ത്രീകളുടെ വാർഡുകൾ ഇടിഞ്ഞു പൊളിഞ്ഞു വീഴാറായതുമൂലം രോഗികൾ വാർഡിൽ കിടക്കാൻ ഭയപ്പെടുന്നുവെന്നും ഉള്ള വിവരം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ ഈ കാര്യങ്ങളെപ്പറ്റി അന്വേഷിച്ച് ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആറ്. നൂറനാട്, കൊരട്ടി, ചേവായൂർ, ചേർത്തല, കൊഴുകുള്ളി (തൃശ്ശൂർ), പുത്തൻകുരിശ് (എറണാകുളം).

(ബി) ഗവൺമെൻറ് വക 3.

1. ലെപ്രസി സാനിട്ടോറിയം, നൂറനാട്, ആലപ്പുഴ.
2. ലെപ്രസി ഹോസ്പിറ്റൽ, കൊരട്ടി, തൃശ്ശൂർ.
3. ലെപ്രസി ഹോസ്പിറ്റൽ, ചേവായൂർ, കോഴിക്കോട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രവർ.3.—1. പുവർ ലെപ്രസി ഹോസ്പിറൽ, ഗ്രീൻ ഗാർഡൻസ്, ചേർത്തല, ആലപ്പുഴ.

2. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, കൊഴുകുള്ളി, തൃശ്ശൂർ.

3. സാൽവേഷൻ ആർമി ലെപ്രസി ഹോസ്പിറൽ, പുത്തൻ കുരിശ്, എറണാകുളം.

(സി) നൂറനാട് 993 ഉം കൊരട്ടിയിൽ 610 ഉം ചേവായൂർ 263 ഉം കിടക്കകളുണ്ട്. എത്ര രോഗികളെ വീതം പാർപ്പിച്ചിട്ടുണ്ടെന്ന വിവരം ശേഖരിച്ചു വരുന്നു.

(ഡി) പരാതികൾ കിട്ടിയിട്ടുണ്ട്. ആവശ്യമായ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

(ഇ) ഉണ്ട്. സ്ത്രീകളുടെ വാർഡിന്റെ റിപ്പയർ നടത്താനുള്ള അടിയന്തിര നടപടിയെടുത്തിട്ടുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

പാലക്കാട് ഹോമിയോ ആശുപത്രി

550 [805] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഹോമിയോ ആശുപത്രി എന്നാണ് സ്ഥാപിതമായത്.

(ബി) ഈ ആശുപത്രിക്കെട്ടിടം പണിക്കുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ;

(സി) അനുവദിച്ചിട്ടുള്ള കിടക്കകളോടുകൂടിയ ആശുപത്രി പ്രവർത്തനം നടത്താൻ ഇന്നത്തെ കെട്ടിടത്തിൽ കഴിയാതിരിക്കുന്ന പരിതസ്ഥിതി പരിഗണിച്ച് പുതിയ കെട്ടിടം പണിയാനുള്ള നടപടി അടിയന്തിരമായും സ്വീകരിക്കാമോ?

ഉത്തരം

(എ) പാലക്കാട് ഹോമിയോ ആശുപത്രി പ്രവർത്തനം ആരംഭിച്ചത് 1974 മാർച്ച് മാസം മുതലാണ്.

(ബി & സി) 1978-79 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഈ ആവശ്യത്തിന് തുകയില്ലാത്തതുകൊണ്ടാണ് കെട്ടിടം പണിയാതിരുന്നത്. എന്നാൽ ഈ ആശുപത്രിക്ക് കെട്ടിടം പണിയുന്നതിന് വേണ്ട സ്ഥലവും 50,000 രൂപയും നൽകാമെന്ന് മുനിസിപ്പാലിറ്റി ഹോമിയോപ്പതി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. വാഗ്ദാനം പരിഗണിച്ചു മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly